(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

സാമ്പത്തിക പിന്നോക്കാവസ്ഥയും പ്രൊഫഷണൽ വിദ്യാഭ്യാസവും

*3 [T107] *ശ്രീ. ജോസഫ് എം. പുതുശ്ശേരി:*
,, *തോമസ് ഉണ്ണിയാടൻ:*
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. സ്റ്റീഫൻ ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) എൻട്രൻസ് പരീക്ഷകളിൽ നേടുന്ന മാർക്കിന്റെ മാത്രം അടിസ്ഥാനത്തിൽ പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രവേശനം നൽകുന്നതിന്റെ അശാസ്ത്രീയതയും പരാതികളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 90% നുമേൽ മാർക്കോടെ 10, +2 തുടങ്ങിയ യോഗ്യതാ പരീക്ഷകളിൽ ഉന്നത വിജയം നേടിയിട്ടുള്ള വിദ്യാർത്ഥികൾക്കുപോലും എൻട്രൻസ് കോച്ചിംഗിന് ചേരാൻ കഴിയാത്തതിന്റെ പേരിൽ പ്രൊഫഷണൽ വിദ്യാഭ്യാസം നിഷേധിക്കപ്പെടുന്ന വസ്തുത ഗൗരവപൂർവ്വം സർക്കാർ പരിഗണിക്കുമോ:

(സി) സാമ്പത്തികമായി താഴെത്തട്ടിലുള്ള സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ വിദ്യാഭ്യാസം നഷ്ടപ്പെടുന്ന അവസ്ഥയില്ലാതാക്കുവാൻ ക്രിയാത്മക നടപടികൾ സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):*

(എ) പ്രവേശന പരീക്ഷകളിൽ നേടുന്ന മാർക്കിന്റെ മാത്രം അടിസ്ഥാനത്തിൽ പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രവേശനം നൽകുന്നതിന് അനുകൂലമായും പ്രതികൂലമായും നിരവധി വാദമുഖങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉയർന്ന മാർക്കു നേടിയിട്ടും എൻട്രൻസ് കോച്ചിംഗിന് ചേരാൻ കഴിയാതെ പോയെന്നതരത്തിലുള്ള പരാതി ലഭിച്ചിട്ടില്ല. പക്ഷേ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് കോച്ചിംഗിന് പോകാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നുണ്ട്. കൂടാതെ ആവർത്തിച്ചു പരീക്ഷ എഴുതണമെങ്കിൽ വിദ്യാർത്ഥിക്ക് സാമ്പത്തിക ഭദ്രത വേണമെന്ന കാര്യവും അംഗീകരിക്കപ്പെട്ടിട്ടുള്ള വസ്തുതയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സാമ്പത്തികമായി താഴെത്തട്ടിലുള്ള സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് നിരവധി ആനുകൂല്യങ്ങൾ നൽകി വരുന്നുണ്ട്. സർക്കാർ ഉടമസ്ഥതയിലുള്ള സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ ഗവൺമെന്റ് ക്വാട്ടയിൽ 2005-2006 വർഷം അഡ്മിഷൻ ലഭിക്കുന്ന കുട്ടികൾക്ക് സർക്കാർ കോളേജുകളിലെ ഫീസ് ഈടാക്കിയാൽ മതിയെന്ന കാര്യം സർക്കാർ തീരുമാനിച്ചിട്ടുണ്ട്. സർക്കാർ എയിഡഡ് പ്രൊഫഷണൽ കോളേജുകളിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് കുമാരപിള്ള കമ്മീഷൻ റിപ്പോർട്ട് അനുസരിച്ചുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകുന്നുണ്ട്. കൂടാതെ പട്ടികജാതി-പട്ടികവർഗ്ഗ മറ്റർഹവിഭാഗം വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോഴ്സ് പഠനത്തിന് ഫീസിളവും അനുവദിച്ചു നൽകുന്നുണ്ട്.

പ്ലസ്ടു പരീക്ഷയുടെ മാർക്കുകൂടി പ്രൊഫഷണൽ കോഴ്സ് പ്രവേശനത്തിന് മാനദണ്ഡമായി കണക്കാക്കാൻ നടപടി

*4 |108| *ശ്രീ. കെ. നാരായണക്കുറുപ്പ്:*

" *റോഷി അഗസ്റ്റിൻ:*

" *തോമസ് ചാഴികാടൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന സമർത്ഥരായ വിദ്യാർത്ഥികൾക്ക് എൻട്രൻസ് പരീക്ഷയിലൂടെ പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രവേശനം ലഭിക്കുന്നില്ലായെന്നുള്ളത് ശ്രദ്ധിക്കപ്പെട്ടിട്ടുണ്ടോ;

(ബി) ഇവർക്ക് ആവശ്യമായ പരിശീലനം ലഭിക്കാത്തതുകൊണ്ടാണോ ഇങ്ങനെ സംഭവിക്കുന്നതെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) ഇങ്ങനെയുള്ള വിദ്യാർത്ഥികൾക്ക് വിദഗ്ദ്ധ പരിശീലനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) പ്ലസ്ടു പരീക്ഷയുടെ മാർക്ക് കൂടി പ്രൊഫഷണൽ കോഴ്സ് പ്രവേശനത്തിന് മാനദണ്ഡമായി കണക്കാക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):*

(എ) ഉണ്ട്.

(ബി) & (സി) പരിശീലനം നൽകുന്ന പദ്ധതികളെക്കുറിച്ച് പരിശോധിച്ച ശേഷം ഉചിതമായ നടപടികൾ സ്വീകരിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly